"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - പാലക്കാട് മുതലമട സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.ഉണ്ണികൃഷ്ണൻ.എ-യ്ക്ക് 119 ദിവസത്തേക്ക് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഫാംസ്) വകുപ്പ്**

സ.ഉ.(സാധാ) നം.1224/2023/AGRI തീയതി,തിരുവനന്തപുരം, 22-12-2023

---

പരാമർശം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 04.10.2023-ലെ ADFW/10102/2023-SH3 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് മുതലമട സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.ഉണ്ണികൃഷ്ണൻ.എ-യ്ക്ക് ഡ്യൂട്ടിക്കിടയിൽ അപകടം സംഭവിച്ചതിനെ തുടർന്ന് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കണമെന്ന് പരാമർശ കത്ത് പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് മുതലമട സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.ഉണ്ണികൃഷ്ണൻ.എ-യ്ക്ക് ഡ്യൂട്ടിക്കിടയിലാണ് അപകടം സംഭവിച്ചത് എന്നത് സംബന്ധിച്ച് മേലധികാരി ലഭ്യമാക്കിയ സാക്ഷ്യ പത്രത്തിന്റെയും മെഡിക്കൽ സർട്ടിഫിക്കറ്റിന്റേയും അടിസ്ഥാനത്തിൽ പരമാവധി 119 ദിവസത്തേക്ക് കെ.എസ്.ആർ, ഭാഗം I, ചട്ടം 98 പ്രകാരമുള്ള പ്രത്യേക അവശതാവധി അനുവദിച്ച് കൊണ്ടും, 119 ദിവസത്തിൽ അധികം വരുന്ന അവധി കാലയളവ്, ചട്ടപ്രകാരമുള്ള അവധി അപേക്ഷ വാങ്ങിയ ശേഷം, ക്രഡിറ്റിലെ അവധി ലഭ്യതയ്ക്ക് വിധേയമായി അർഹതപ്പെട്ട അവധിയായോ, മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള ശൂന്യവേതനാവധിയായോ ക്രമീകരിക്കുന്നതിനുള്ള അനുമതി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്കു നൽകി കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ കൃഷി ഓഫീസർ, പ്രിൻസിപ്പൽ കൃഷി ഓഫീസ്, പാലക്കാട്.
ശ്രീ. ഉണ്ണികൃഷ്ണൻ എ., ഓഫീസ് അറ്റൻഡന്റ്, സംസ്ഥാന വിത്തുല്പാദന കേന്ദ്രം മുതലമട, പാലക്കാട്.
ധനകാര്യ (അഗ്രി-എ) വകുപ്പ് (2599535/Agri-A1/278/2023-FIN).
വെബ് & ന്യൂ മീഡിയ.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ